# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഏപ്രിൽ 10, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിര പ്രമേയം

സംസ്ഥാനം നേരിടുന്ന വരൾച്ച

മി. സ്പീക്കർ: സംസ്ഥാനത്തുണ്ടായ രൂക്ഷമായ വരൾച്ചമൂലം തണ്ണീർത്തടങ്ങൾ വറ്റി വരളുകയും കൃഷിനാശവും വിളനാശവുംമൂലം കർഷകരാകെ കടക്കെണിയിലാകുകയും വരൾച്ചകാലരോഗങ്ങളും സൂര്യാഘാതവും വ്യാപിക്കുകയും ചെയ്തിരിക്കുന്നു. ശുദ്ധജല–കാർഷിക–ആരോഗ്യ–ദുരിതാശ്വാസ രംഗങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കേണ്ട സർക്കാർ നിഷ്ക്രിയമായിരിക്കുകയും ജനങ്ങളാകെ കടുത്ത പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ചന്ദ്രൻ,

വി. എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): അടുത്തകാലത്തൊന്നും ഉണ്ടാകാത്ത വിധത്തിലുള്ള അതിരൂക്ഷമായ വരൾച്ചയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാണ്. അടിയന്തിര പ്രമേയത്തിന്മേലുള്ള ചർച്ചയും ഇന്നത്തെ കാര്യപരിപാടി പ്രകാരമുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ സബ്മിഷനുള്ള മറുപടികൾ മേശപ്പുറത്ത് വച്ച് ഈ പ്രശ്നം ചർച്ചയ്ക്കെടുക്കാം. അതിന് പ്രതിപക്ഷം സഹകരിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സംസ്ഥാനം നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നം സഭയിൽ ചർച്ച ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി യാണ് നോട്ടീസ് നൽകിയത്. അടിയന്തിര പ്രമേയത്തിന്മേലുള്ള രണ്ട് മണിക്കൂർ ചർച്ചയ്ക്കുശേഷം എന്ത് ചെയ്യണമെന്നത് സംബന്ധിച്ച് കക്ഷിനേതാക്കന്മാരുമായി ആലോചിച്ച് സ്പീക്കർക്ക് തീരുമാനമെടുക്കാം. സഭാ അംഗങ്ങൾക്ക് സബ്മിഷനുകൾ അവതരിപ്പിക്കാൻ കിട്ടുന്ന അവസരം നിഷേധിക്കാൻ പാടില്ല.

മി. സ്പീക്കർ: ഇന്ന് 4 ബില്ലുകളും 54-ൽ അധികം സബ്മിഷനുകളുമുണ്ട്. സമയലാഭത്തിനുവേണ്ടി സബ്മിഷനുള്ള മറുപടികൾ മേശപ്പുറത്ത് വയ്ക്കാവുന്നതാണെന്ന് മുഖ്യമന്ത്രി വെളിപ്പെടുത്തിയ സാഹചര്യത്തിൽ പ്രതിപക്ഷവും ഭരണപക്ഷവും ഒരു സമന്വയത്തിലെത്തിയാൽ നടപടികളിലേയ്ക്ക് കടക്കാം.

ശ്രീ. എം. ചന്ദ്രൻ: അതിരൂക്ഷമായ വരൾച്ചയാണ് സംസ്ഥാനം അഭിമുഖീകരിക്കുന്നത്. സൂര്യാഘാതംമൂലം പൊള്ളലേൽക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. ഭക്ഷ്യസുരക്ഷ തകർക്കുന്ന രൂപത്തിൽ നെൽക്കൃഷിയും നാണ്യവിളകളും നശിച്ചുകൊണ്ടിരിക്കുകയാണ്. രൂക്ഷമായ കുടിവെള്ളക്ഷാമവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. പതിനായിരം കോടി രൂപയുടെ കൃഷി നാശമാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം 50000 ഏക്കർ കൃഷി വിളവെടുക്കാൻ കഴിയാതെ നശിച്ചിരിക്കുകയാണ്. കൃഷിനാശം സംഭവിച്ചവർക്ക് ഒരു സഹായവും ചെയ്യാൻ സർക്കാർ തയ്യാറായിട്ടില്ല. പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് കേരളത്തിന് അർഹതപ്പെട്ട 7.25 ടി.എം.സി. ജലം നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. അപ്പർ ഷോളയാറിൽ നിന്ന് കിട്ടേണ്ട ജലം യഥാസമയം ലഭിക്കാത്തതിന്റെ ഫലമായി തൃശ്ശൂർ ജില്ലയിലെ 5 നിയോജകമണ്ഡലങ്ങളിൽ കുടിവെള്ളക്ഷാമം നേരിടുകയാണ്. കുടിവെള്ള വിതരണത്തിനും ഉറവിടങ്ങൾ സംരക്ഷിക്കാനുമായി ജില്ലകൾക്ക് അനുവദിച്ച 85 കോടി രൂപയിൽ 30 കോടി രൂപ പിൻവലിച്ചത് അപലപനീയമാണ്. ലോറി വാടകയ്ക്ക് കിട്ടാത്തതിന്റെ പേരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കുടിവെള്ളമെത്തിക്കാൻ കഴിയാത്ത സ്ഥിതിക്ക് പരിഹാരം കാണുന്നതാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും എല്ലാ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ലോഡ് ഷെഡ്ഡിംഗ് കുടിവെള്ള പദ്ധതികളെയും കൃഷിയേയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഗ്രൗണ്ട് വാട്ടർ ലെവൽ

താഴ്ന്നതിന്റെ ഫലമായി ചെറുകിട കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഊർജ്ജ രംഗത്ത് ആസൂത്രിതമായ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ ലോഡ് ഷെഡ്ഡിംഗ് ഒരു പരിധിവരെ കുറയ്ക്കാമായിരുന്നു. കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം നേടിയെടുക്കാനുള്ള ശ്രമങ്ങളൊന്നും നടത്താതെ വളരെ നിഷ്ക്രിയ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. വരൾച്ചമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുകയും അവരുടെ വായ്പകൾ എഴുതിത്തള്ളുകയും കൃഷിയിറക്കുന്നതിന് സൗജന്യമായി വിത്തും വളവും അനുവദിക്കുകയും ചെയ്യണം. കുടിവെള്ളം എത്തിക്കുന്നതിന് പഞ്ചായത്തുകൾക്ക് കൂടുതൽ തുക അനുവദിക്കണം. രൂക്ഷമായ വരൾച്ചയെ നേരിടുന്നതിന് അർഹമായ ധനസഹായം കേന്ദ്രത്തിൽനിന്ന് നേടിയെടുക്കാൻ തയ്യാറാകണം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പാലക്കാട് ജില്ലയിൽ വരൾച്ച രൂക്ഷമായതിനെത്തുടർന്ന് കുടിവെള്ള ക്ഷാമവും വ്യാപകമായ കൃഷിനാശവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിന് കക്ഷി രാഷ്ട്രീയ ഭേദമെന്യേ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. .ശിരുവാണിയിൽ നിന്നും ജലം തമിഴ്നാടിന് നൽകിക്കൊണ്ട് ആളിയാറിൽനിന്ന് സംസ്ഥാനത്തിന് ജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വരൾച്ച കാരണം പ്രധാനപ്പെട്ട കുടിവെള്ള സ്രോതസ്സുകൾ വറ്റി വരണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലയിലെ ജനങ്ങൾക്ക് സൂര്യാഘാതവും വേനൽക്കാല രോഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി 14 കോടിയോളം രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. വരൾച്ചയെ

നേരിടുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ നേരിടുകയാണ്. കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിച്ചെങ്കിലും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജലസ്രോതസ്സു കളെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തുകയും അനന്തര നടപടികളെടുക്കു കയും ചെയ്താൽ മാത്രമേ വരൾച്ചയെ നേരിടാൻ സാധിക്കുകയുള്ളൂ. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട കായലിനെ സംരക്ഷിക്കുന്നതിനുവേണ്ടി യുള്ള ശാസ്ത്രീയ നടപടികൾ സ്വീകരിച്ചിട്ടില്ല. വേനൽക്കാല രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ മുൻകരുതലുകളെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും സർവ്വകക്ഷിയോഗം വിളിച്ചുചേർത്തും സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും കേന്ദ്രസർക്കാരിൽനിന്നും കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും ചെയ്യണം.

ശ്രീ. റ്റി. എ. അഹ്മദ് കബീർ: വരൾച്ച നേരിടുന്നതിന് അടിയന്തിരമായി ഹ്രസ്വകാല പദ്ധതികൾ ആവിഷ്കരിക്കണം. എല്ലാ നദികളിലും തടയണകൾ നിർമ്മിച്ചുകൊണ്ട് മണ്ണിന്റെ ഈർപ്പം നിലനിർത്താൻ പദ്ധതികൾ ഉണ്ടാക്കണം. മഴക്കാലത്ത് മഴക്കുഴികൾ ഉണ്ടാക്കിയും പി.ഡബ്ല്യു.ഡി പാലങ്ങളുമായി ബന്ധപ്പെടുത്തി തടയണകൾ നിർമ്മിച്ചും വെള്ളം സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജൈവ കൃഷിയിലേക്ക് നാടിനെ തിരിച്ച് കൊണ്ടുവരണം. കളക്ടർക്ക് ചെലവാക്കാൻ സാധിക്കുന്ന തുകയുടെ പരിധി പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. കുടിവെള്ളം ഒട്ടും ലഭിക്കാത്ത

പഞ്ചായത്തുകളെ ഐഡന്റിഫൈ ചെയ്ത് ആവശ്യമായ സഹായം ലഭ്യമാക്കണം. ടാങ്കർ ലോറികൾ വഴിയുള്ള കുടിവെള്ള വിതരണത്തിലെ ചൂഷണം ഒഴിവാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഓരോ താലൂക്കും കേന്ദ്രീകരിച്ച് കുടിവെള്ള പദ്ധതി ആവിഷ്ക്കരിക്കണം.

ശ്രീ. മാത്യു ടി. തോമസ്: വരൾച്ച അഭിമുഖീകരിക്കുന്നതിന് സർക്കാർ കൂട്ടായ ശ്രമം നടത്തിയിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. ഈ പ്രശ്നത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാൻ സർക്കാർ ഉണർന്ന് പ്രവർത്തിക്കണം. അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വെള്ളം കിട്ടാനുള്ള നടപടിയുണ്ടാകണം. ടാങ്കർ ലോറികളിൽ ജലവിതരണം നടത്തുന്നതിന് പഞ്ചായത്തുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. ഉറവിടങ്ങളിൽ 24 മണിക്കൂറും പമ്പിംഗ് നടത്തുന്നതിന് ആ പ്രദേശങ്ങളെ ലോഡ് ഷെഡ്ഡിംഗിൽനിന്ന് ഒഴിവാക്കണം. വരൾച്ചമൂലം കാർഷിക മേഖലയിലുണ്ടായിട്ടുള്ള നഷ്ടം കണക്കാക്കി കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ചുകൊണ്ട് വരൾച്ച നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം.

ശ്രീ. സി. എഫ്. തോമസ്: മന്ത്രിമാരുടെ നേതൃത്വത്തിൽ നിയമിച്ച ജില്ലാതല സമിതികൾക്ക് വരൾച്ച നേരിടുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന കാര്യം ഗൗരവമായി ആലോചിക്കണം. കുടിവെള്ള പദ്ധതികളിലൂടെയുള്ള ശുദ്ധജല വിതരണം തടസ്സപ്പെടുന്നതിന് പരിഹാരം കാണണം. ലോഡ്ഷെഡ്ഡിംഗ് സമയം ക്രമീകരിച്ച് വെള്ളം പമ്പ് ചെയ്യുന്നതിന് നടപടിയുണ്ടാക്കണം. കുടിവെള്ള പദ്ധതികളിലൂടെ വെള്ളമെത്തിക്കാൻ

സാധിക്കാത്ത പ്രദേശങ്ങളിൽ ഫണ്ട് അനുവദിക്കുന്നതോടൊപ്പം ടാങ്കർ ലോറികളിൽ കുടിവെള്ളമെത്തിക്കണം. കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അടിയന്തിരമായി കുഴൽ കിണർ നിർമ്മിക്കുന്നതിന് ആവശ്യമെങ്കിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്. പഴകിയ പൈപ്പുകൾ അടിയന്തിരമായി മാറ്റിയിടുന്നതിന് ജാഗ്രത പാലിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കണം. ശുദ്ധജലത്തിന്റെ ദുരുപയോഗം തടയാൻ ശക്തമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ.പി. ജയരാജൻ</u>: സംസ്ഥാനത്ത് വരൾച്ച രൂക്ഷമാകുമെന്ന് മാസങ്ങൾക്ക് മുമ്പുതന്നെ മുന്നറിയിപ്പ് ലഭിച്ചിട്ടും തയ്യാറെടുപ്പുകൾ നടത്താത്തതിന്റെ ഫലമായാണ് സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്നത്. വരൾച്ചയുടെ തീഷ്ണതയിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചമൂലം 7883 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുമ്പോഴും ആശ്വാസ നടപടികൾക്കായി വളരെ ചെറിയ തുകയാണ് സർക്കാർ ചെലവഴിക്കുന്നത്. വരൾച്ച നേരിടുന്നതിനായി മന്ത്രിമാരുടെ നേതൃത്വത്തിലുണ്ടാക്കിയിരിക്കുന്ന സമിതികൾകൊണ്ട് ജനങ്ങൾക്ക് പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്ന് മാത്രമല്ല, പ്രശ്നപരിഹാരം കാണേണ്ട ജലവിഭവ വകുപ്പ് നിഷ്ക്രീയമായി നിൽക്കുകയുമാണ്. വനനശീകരണം, പരിസര മലിനീകരണം എന്നിവമൂലം അന്തരീക്ഷ ഊഷ്മാവ് ഉയരുന്നതിന്റെ ഫലമായുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നതിന് ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഭരണാധികാരികളുടെ കെടുകാര്യസ്ഥതമൂലം സംസ്ഥാനം രൂക്ഷമായ വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്.

വനങ്ങളും മലകളും സംരക്ഷിക്കാനും നദികൾ മാലിന്യമുക്തമാക്കാനും നടപടി സ്വീകരിക്കണം. വരൾച്ചയെ നേരിടാൻ കാലോചിതമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണം. വരൾച്ചമൂലം വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുള്ള ജില്ലകൾക്ക് അടിയന്തരസഹായം പ്രഖ്യാപിക്കണം. കുടിവെള്ള വിതരണത്തിലെ അപാകതകൾ പരിഹരിക്കാനും സൂര്യാഘാതത്തിൽനിന്നും നിർമ്മാണ തൊഴിലാളികൾക്കും കർഷകത്തൊഴിലാളികൾക്കും സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം. വിളനാശംമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് പലിശ ഇളവ് അനുവദിക്കണം.

<u>ശ്രീ. പാലോട് രവി</u>: കുടിവെള്ളസ്രോതസ്സുകളും പൈപ്പും ഉള്ള സ്ഥലങ്ങളിൽ എക്സ്റ്റൻഷൻ സൗകര്യം ഏർപ്പെടുത്തി എല്ലാ സ്ഥലത്തും കുടിവെള്ളം ലഭ്യമാക്കണം. കുഴൽക്കിണറുകളുടെ കേടുപാടുകൾ തീർക്കുന്നതിനും രണ്ടാഴ്ചയ്ക്കകം ഓരോ പഞ്ചായത്തിലും 2 പുതിയ കുഴൽക്കിണറുകൾ വീതം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം അടിയന്തിരമായും ഏർപ്പെടുത്തണം. ടാങ്കർ ലോറികളിൽ കൊണ്ടുവരുന്ന വെള്ളം സംഭരിക്കുന്നതിന് ഒരു വാർഡിൽ രണ്ട് ടാങ്ക് വീതം വാങ്ങിവയ്ക്കാൻ പഞ്ചായത്തിന് പെർമിസ്സീവ് സാംഗ്ഷൻ കൊടുക്കണം. വൈദ്യുതി-ജലവിഭവ വകുപ്പുകളുടെ ഏകോപനത്തോടെ പമ്പിംഗ് സ്റ്റേഷനുകളിൽ തടസ്സംകൂടാതെ പമ്പിംഗ് നടത്തണം. നിർമ്മാണപ്രവർത്തനങ്ങൾക്ക് രണ്ടുമാസത്തേയ്ക്ക് ജലവിതരണം നിറുത്തിവയ്ക്കുന്നതിനും പുതുതായി വാട്ടർകണക്ഷനുകൾ നൽകാതിരിക്കാനും നടപടി സ്വീകരിക്കണം. നെയ്യാർ ഡാമിൽനിന്നും അരുവിക്ക

രയിലേയ്ക്ക് വെള്ളം കൊണ്ടുവരാനുള്ള ശ്രമം അടിയന്തിരമായും ആരംഭിക്കണം. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കുടിവെള്ള വിതരണത്തിന് അനുവദിച്ചിരിക്കുന്ന തുക യഥാക്രമം 10 ലക്ഷം, 25 ലക്ഷം എന്നിങ്ങനെ വർദ്ധിപ്പിക്കണം. കുടിവെള്ളവിതരണത്തിന് താലൂക്കുകൾക്ക് 25 കോടി രൂപ കൊടുക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളവി തരണം നടത്തുന്നതിനും പഞ്ചായത്തുകളിലെ വറ്റാത്ത കുളങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. എ. അസീസ്: വരൾച്ച നേരിടാൻ സർക്കാർ യുദ്ധകാലാടി സ്ഥാനത്തിൽ നടപടി സ്വീകരിക്കണം. ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തണം. കേടായ പമ്പുകൾ നന്നാക്കണം. കുഴൽക്കിണർ കുഴിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ശാസ്താംകോട്ടയിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം. കനാലുകളിലേയ്ക്ക് വെള്ളം തുറന്നുവിട്ട് കിണറുകളിൽ വെള്ളമുണ്ടാകുന്ന അവസ്ഥ സൃഷ്ടിക്കണം

ശ്രീ. എം.വി. ശ്രേയാംസ്കുമാർ: വരൾച്ചയുണ്ടാകുന്നതിന്റെ അടി സ്ഥാന കാരണങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തി ദീർഘവീക്ഷണത്തോ ടെയുള്ള പദ്ധതികൾ ആവിഷ്കരിക്കണം. വയലുകൾ ഇല്ലാതാകുന്ന സ്ഥിതി വിശേഷം ഗൗരവത്തോടെ കാണണം. ഈ വിഷയം ചർച്ചയിൽ മാത്രം അവസാനിക്കാതെ ദീർഘകാലാടിസ്ഥാനത്തിലുള്ള സംവിധാനമുണ്ടാക്കി വരൾച്ചയ്ക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം.

ശ്രീ. വി.ഡി. സതീശൻ: ദൈനംദിനമായുണ്ടാകുന്ന വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം അടിസ്ഥാനപരമായ കാര

ണങ്ങൾ കണ്ടെത്തി ദീർഘവീക്ഷണത്തോടുകൂടിയ പരിപാടികൾ ആവിഷ്ക രിക്കണം. ഭൗമശാസ്ത്ര പഠനങ്ങളും കാലാവസ്ഥാ നിരീക്ഷണങ്ങളും നൽകുന്ന സൂചനകളെയും മുന്നറിയിപ്പുകളെയും അടിസ്ഥാനമാക്കി പരിസ്ഥിതി–ദുരന്തനിവാരണ വകുപ്പുകൾ ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കണം. പമ്പിംഗ് സ്റ്റേഷനുകളെ പവർകട്ടിൽനിന്ന് ഒഴിവാക്കണം. സംസ്ഥാനം അഭിമുഖീകരിക്കുന്ന വരൾച്ച സമസ്ത മേഖലകളേയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്.. വരൾച്ച നേരിടുന്ന തിന് ഗവൺമെന്റ് നൽകിയിട്ടുള്ള ഫണ്ട് ശാസ്ത്രീയമായി ചെലവഴിക്കണം. എല്ലാ പഞ്ചായത്തുകളിലും കുളങ്ങൾ കുഴിക്കുകയും പരമ്പരാഗത കൃഷി രീതികൾ ആവിഷ്കരിക്കുകയും വേണം. ഉയർന്ന കെട്ടിടങ്ങളിലും പൊതുസ്ഥലങ്ങളിലും ജോലി ചെയ്യുന്നവർക്ക് ചൂട് കൂടുന്ന അവസരങ്ങളിൽ തൊഴിൽ ഇടവേള വർദ്ധിപ്പിക്കാനുള്ള പ്രത്യേക ഉത്തരവ് ഉണ്ടാകണം. വരുംവർഷങ്ങളിൽ നേരിടാൻ പോകുന്ന ഗൗരവതരമായ ഈ പ്രശ്നത്തെ ശാസ്ത്രീയമായി നേരിടണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: കുട്ടനാട്ടിൽ വാട്ടർ അതോറിറ്റിയുടെ പ്ലാന്റിന്റെ പണി അടിയന്തരമായി പൂർത്തിയാക്കി ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാ നുള്ള നടപടിയുണ്ടാകണം. കുഴൽക്കിണറുകളിൽനിന്നും ഒ.എച്ച് . ടാങ്കുക ളിൽനിന്നും പരമാവധി പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തണം. വരൾച്ച ദുരിതാശ്വാസ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരി ക്കണം.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: കേരളം നേരിടുന്ന രൂക്ഷമായ വരൾച്ച, കുടിവെള്ള ക്ഷാമം എന്നിവ വർഷങ്ങളായി ഉണ്ടായ പരിവർത്തനങ്ങളുടെ ഭാഗമായി സംഭവിച്ചതാണ്. കേരളത്തിൽ അതിഭയാനകമായ രീതിയിൽ

ഭൂഗർഭജലത്തിന്റെ നിരപ്പ് കുറഞ്ഞുവരികയാണ്. ഏറ്റവും വലിയ ജലസംഭരണികളായ നെൽവയലുകൾ പരിവർത്തനം ചെയ്യപ്പെട്ട് ഇല്ലാതാകുകയും അവശേഷിക്കുന്ന നെൽവയലുകളിൽ നെൽകൃഷിക്ക് പകരം മറ്റ് വിളകൾ കൃഷി ചെയ്തതുമൂലം ജലം സംഭരിക്കാത്ത സാഹചര്യമുണ്ടാകുകയും ചെയ്തിരിക്കുകയാണ്. അശാസ്ത്രീയമായ കെട്ടിട നിർമ്മാണങ്ങളും കോൺക്രീറ്റ്വൽക്കരണവും മഴവെള്ളം ഭൂമിക്കടിയിലേയ്ക്ക് പോകാത്ത സാഹചര്യം ഉണ്ടാക്കിയിരിക്കുകയാണ്. തോടുകളും കുളങ്ങളും നിർച്ചാലുകളുമെല്ലാം മലിനമാക്കുകയോ ഇല്ലാതാക്കുകയോ ചെയ്തിരിക്കുന്നു. മനുഷ്യർതന്നെ സൃഷ്ടിച്ച നിരവധി ഘടകങ്ങളുടെ പശ്ചാത്തലത്തിലുണ്ടായ ഇത്തരം ദുരന്തങ്ങൾ നേരിടുന്നതിന് ദീർഘകാല അടിസ്ഥാനത്തിലുള്ള പ്ലാനിംഗ് ആവശ്യമാണ്. വരൾച്ചയേയും കുടിവെള്ള ക്ഷാമത്തേയും രണ്ടായി കണ്ട് പരിഹാരമുണ്ടാക്കണം. റവന്യൂ ഭൂമിയിലെ കുളങ്ങൾ സംരക്ഷിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. കുടിവെള്ളം പാഴാകാതിരിക്കാനായി പഴയ പൈപ്പുകൾ മാറ്റാനും കുടിവെള്ളത്തിന്റെ ദുർവിനിയോഗം നിർബന്ധമായും തടയാനും നടപടികളുണ്ടാകണം. പൈപ്പുകൾ എക്സ്റ്റന്റ് ചെയ്ത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലം ലഭ്യമാക്കാൻ നടപടികളുണ്ടാകണം. ദീർഘകാലാടിസ്ഥാനത്തിൽ നെൽവയലുകൾ സംരക്ഷിക്കപ്പെടുന്നതിന് നടപടികൾ സ്വീകരിക്കണം. നദികളിൽ തടയണ കെട്ടി ജലം നിലനിർത്തണം. വരൾച്ചാദുരിതാശ്വാസത്തിന് ജില്ലകൾക്ക് കൂടുതൽ തുക അനുവദിക്കണം. വരൾച്ച നേരിടുന്നതിനായി ദീർഘകാല-ഹ്രസ്വകാല പദ്ധതികൾ നടപ്പിലാക്കണം. സംസ്ഥാനത്തെ നദികളിലെ ഭൂഗർഭജലം സംരക്ഷിക്കാനും മണലെടുപ്പ് നിയന്ത്രണവിധേയമാക്കാനും സാധിക്കണം.

ശ്രീ. രാജു എബ്രഹാം: വരൾച്ച നേരിടുന്നതിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കോൺക്രീറ്റ് കെട്ടിടങ്ങളെ സംബന്ധിച്ചും മുറ്റത്തിടുന്ന കോൺക്രീറ്റ് ടൈൽസിനെ സംബന്ധിച്ചും ഗൗരവമായി പഠനം നടത്തണം. അയൽ സംസ്ഥാനങ്ങളിൽനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള കോറിഡോറുകൾ ബുക്ക് ചെയ്യുന്ന കാര്യത്തിൽ ഈ സർക്കാർ സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. വില്ലേജുകൾ മുഴുവനും കൊടുംവരൾച്ചയുടെ പിടിയിലാണ്. വരൾച്ച നേരിടാൻ ജില്ലകൾക്ക് വേണ്ട തുക സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടില്ല. നെൽവയൽ–തണ്ണീർത്തട സംരക്ഷണ നിയമം അസാധുവാക്കാനുള്ള ഉത്തരവ് റദ്ദാക്കണം. ഭൂഗർഭ ജലം ഊറ്റുന്ന കോർപ്പറേറ്റുകൾക്കെതിരെ നടപടികൾ സ്വീകരിക്കണം. പറമ്പിക്കുളം–ആളിയാർ പദ്ധതിയിൽ നിന്നും ശിരുവാണി അണക്കെട്ടിൽ നിന്നും സംസ്ഥാനത്തിനാവശ്യമായ ജലം ലഭ്യമാകുന്നതിന് നടപടികളുണ്ടാകണം. മേജർ–മൈനർ ഇറിഗേഷൻ പദ്ധതികൾക്കൊന്നും ആവശ്യമായ തുക വകയിരുത്തിയിട്ടില്ല. മലയോര പ്രദേശങ്ങളിലെ പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളം ടാങ്കർ ലോറിയിൽ മിതമായ നിരക്കിൽ ലഭ്യമാക്കണം. സംസ്ഥാനത്തെ അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് കേന്ദ്രത്തിൽ നിന്നും ആവശ്യമായ തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. ശാസ്താംകോട്ട കായൽ ഉൾപ്പെടെ കേരളത്തിലെ ജലാശയങ്ങൾ വറ്റിവരണ്ട സാഹചര്യത്തിൽ സർവ്വകക്ഷി സംഘത്തെ കേന്ദ്രത്തിൽ അയച്ച് ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഹ്രസ്വകാല–ദീർഘകാല പദ്ധതികൾ സമന്വയിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2012 സെപ്റ്റംബർ മാസത്തിൽ തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി ആദ്യഘട്ടത്തിൽ പ്രഖ്യാപിക്കുകയും കേന്ദ്ര സർക്കാരിനുമുമ്പിൽ മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒക്ടോബറിൽ കേന്ദ്ര സംഘം നാല് ജില്ലകൾ സന്ദർശിക്കുകയും വീണ്ടും സംസ്ഥാനത്ത് രൂക്ഷമായ വരൾച്ച ബാധിച്ചതിനെത്തുടർന്ന് 2012 ഡിസംബർ മാസത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി യോഗം കൂടി കേരള സംസ്ഥാ നത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു.സംസ്ഥാനത്തുണ്ടായ വരൾച്ചയെക്കുറിച്ച് പഠിക്കുന്നതിനായി നിയോ ഗിച്ച കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉന്നതതല സമിതി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളും. വരൾച്ച നേരിടുന്നതിനായി എല്ലാ ജില്ലകൾക്കുമായി 85 കോടി രൂപയും കുടിവെള്ളം എത്തിച്ചുകൊടുക്കാനായി 30 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വരൾച്ചയെക്കുറിച്ച് വിശകലനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും 14 ജില്ലകളിലും ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സൂര്യാഘാതംമൂലം നിരവധി തൊഴിലാളി കൾക്ക് പരിക്കേറ്റ സാഹചര്യത്തിൽ 2013 ഏപ്രിൽ 10 മുതൽ 30-ാം തീയതി വരെ വെയിലത്ത് പണിയെടുക്കുന്ന എല്ലാ തൊഴിലാളികളുടെയും ജോലി

സമയം ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ വിശ്രമം നൽകുന്നവിധത്തിൽ ക്രമീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ഏപ്രിൽ 11-ാം തീയതി മുതൽ 30-ാം തീയതി വരെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ നിർദ്ദേശിച്ചിട്ടുള്ള തൊഴിലിന്റെ അളവിനെ ബാധിക്കാത്ത രീതിയിൽ ഉച്ചയ്ക്ക് 12.00 മണി മുതൽ 3.00 മണി വരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കേരളത്തിലെ 14 ജില്ലകളെയും വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ജില്ലയുടെയും ചുമതല ഓരോ മന്ത്രിയെ എൽപ്പിച്ചിട്ടുണ്ട്. ജലവിതരണം മെച്ചപ്പെടുത്തുന്നതിനായി പൈപ്പ്ലൈൻ മാറ്റുന്നത് സംബന്ധിച്ച് അടിയന്തരമായി തീരുമാനമെടുക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ സോഴ്സിൽ നിന്നു തന്നെ കഴിയുന്നത്ര വെള്ളമെടുക്കാനും കേടായ ഹാന്റ് പമ്പുകൾ നന്നാക്കാനും കൂടുതൽ കുഴൽക്കിണറുകൾ കുഴിക്കാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സോഴ്സുകൾ ശക്തിപ്പെടുത്തുന്നതിനുള്ള തുക പരമാവധി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ഈ സീസണിൽ തുടങ്ങാൻ കഴിയുന്ന പരമാവധി വർക്കുകൾ തുടങ്ങാനും ഒരു കോടി രൂപ വരെയുള്ള വർക്കുകൾക്ക് വകുപ്പിൽനിന്ന് തന്നെ അനുവാദം കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ ആവശ്യമായ വർക്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ

അടുത്ത സീസണിൽ സ്വീകരിക്കുന്നതാണ്. യുദ്ധകാലാടിസ്ഥാനത്തിൽ എല്ലാ കാര്യങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനം അതിരൂക്ഷമായ വരൾച്ചയെ നേരിടുകയാണെന്ന മുന്നറിയിപ്പ് ലഭിച്ചതനുസരിച്ച് 2012 സെപ്റ്റംബർ 13-ാം തീയതി തിരുവനന്തപുരം, കൊല്ലം, വയനാട്, ഇടുക്കി എന്നീ ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിക്കുകയും സ്ഥിതി മോശമായതിനെ തുടർന്ന് 2012 ഡിസംബർ 19-ന് കേരളത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തു. വരൾച്ച നേരിടുന്നതിന് വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ എന്നീ ഡിപ്പാർട്ടുമെന്റുകൾക്കും കളക്ടർമാർക്കുംകൂടി മൊത്തം 159 കോടി രൂപ കൊടുത്തിട്ടുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച് റിവ്യൂ നടത്തുന്നതിന് റവന്യൂ, വാട്ടർ റിസോഴ്സസ്, അഗ്രികൾച്ചർ എന്നീ വകുപ്പുകളിലെ മന്ത്രിമാരോടൊപ്പം മുഖ്യമന്ത്രിയും വയനാട് ഒഴികെയുള്ള 13 ജില്ലകൾ സന്ദർശിക്കുന്നതാണ്. ഈ ഗുരുതരമായ സാഹചര്യം അതിജീവിക്കുന്നതിന് കഴിയുന്നതെല്ലാം ചെയ്യുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിന് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിലും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരിക്കലും തടസ്സമുണ്ടാകുകയില്ല. സൂര്യാഘാതംമൂലം പൊള്ളലേറ്റിട്ടുള്ളവർക്ക് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് നടപടി സ്വീകരിക്കും. പാലക്കാടൻ മേഖലകളിൽ വരൾച്ചമൂലം നെല്ലിനുണ്ടായ നഷ്ടത്തിനും കുട്ടനാടൻ മേഖലകളിൽ ഓരുവെള്ളം കയറിയുണ്ടായ വിളനാശത്തിനും അർഹിക്കുന്ന രീതിയിലുള്ള സഹായം നൽകാൻ നടപടി സ്വീകരിക്കും. വരൾച്ച മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച് ഒരി

ക്കൽക്കൂടി പരിശോധന നടത്തി പുതിയ നിവേദനം കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കും. വരൾച്ചാ ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര സഹായങ്ങൾ ചെയ്യുന്നതോടൊപ്പം ദീർഘകാലാടിസ്ഥാനത്തിൽ ശാശ്വത പരിഹാരം കാണുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കും. ജലസ്രോതസ്സുകളിൽ മഴവെള്ളം തടഞ്ഞുനിർത്തുന്നതിന് സ്ഥിരമായ തടയണകൾ നിർമ്മിക്കുകയും ജലസ്രോതസ്സുകളും തടാകങ്ങളും മഴവെള്ളസംഭരണികളും സംരക്ഷിക്കുകയും ചെയ്യും. ജലസംരക്ഷണ രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ നടപ്പാക്കുന്നതിനെക്കുറിച്ച് ജില്ലകൾതോറും നടക്കുന്ന അവലോകന യോഗത്തിൽ തീരുമാനങ്ങളെടുക്കാവുന്നതാണ്. പറമ്പിക്കുളം–ആളിയാർ കരാറനുസരിച്ച് ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിന് സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പതിനാല് ജില്ലകളിലും അവലോകന യോഗം ചേരുന്നതിന് മന്ത്രിമാരെ ചുമതലപ്പെടുത്തുകയും രണ്ടാഴ്ചയിലൊരിക്കൽ മുഖ്യമന്ത്രി അവരിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി പ്രശ്നങ്ങൾ വിലയിരുത്തി പരിഹാരം കാണുകയും ചെയ്യണം. പാലക്കാട് ജില്ലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ ധനസഹായം നൽകണം. വരൾച്ചാ ദുരിതാശ്വാസത്തിനായി ഓരോ ജില്ലയ്ക്കും 50 കോടി രൂപയെങ്കിലും അനുവദിക്കണം. കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ പണം അനുവദിക്കണം. കുളങ്ങൾ സംരക്ഷിക്കുന്നതിനുപുറമെ കിണറുകളുടെ ആഴം കൂട്ടുന്നതിനും നടപടി സ്വീകരിക്കണം. പറമ്പിക്കുളം–ആളിയാർ കരാറനുസരിച്ചുള്ള ജലം ലഭ്യമാക്കണം. പാലക്കാട്, കുട്ടനാട്

പ്രദേശങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജില്ലകളുടെ ചുമതല മന്ത്രിമാരെ ഏൽപ്പിച്ചതനുസരിച്ച് ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് 7 ദിവസംകൊണ്ട് എല്ലാ ജില്ലകളും സന്ദർശിച്ച് ആവശ്യമായ നടപടികളെടുക്കുന്നതിന് തീരുമാനിച്ചിട്ടുളളത്. കഴിഞ്ഞ സാമ്പത്തിക വർഷാവസാനം എക്സസ്സായിരുന്ന 29 കോടി രൂപയ്ക്ക് പുറമെ 30 കോടി രൂപകൂടി എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. റിവ്യൂ മീറ്റിംഗ് നടത്തുമ്പോൾ കൂടുതൽ സഹായം ആവശ്യമുളള ജില്ലകൾക്ക് അത് നൽകുന്നതാണ്. പാലക്കാട്, കുട്ടനാട് പ്രദേശങ്ങളിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്.

പ്രമേയം സഭ നിരാകരിച്ചു.

## ചട്ടം 113 അനുസരിച്ചുളള റിപ്പോർട്ട്

2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച് തിരുവനന്തപുരം സിറ്റിസൺസ് പ്രൊട്ടക്ഷൻ ഫോറം പ്രസിഡന്റ് ശ്രീ. എം. കൃഷ്ണൻ നായർ 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച് ഒരു ഹർജി സമർപ്പിച്ചിട്ടുള്ള വിവരം കേരള നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച 113-ാം ചട്ടം പ്രകാരം നിയമസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

## ശ്രദ്ധ ക്ഷണിക്കൽ

### (1) വിനോദസഞ്ചാര വികസനം

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>: വയനാട് ജില്ലയിൽ വിനോദ സഞ്ചാര മേഖലയുടെ അനന്ത സാദ്ധ്യതകൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വയനാട് മേഖല കേന്ദ്രീകരിച്ച് അഡ്വെഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കണം. ഹോം സ്റ്റേ പദ്ധതി വികസിപ്പിക്കണം. ബയോ ഡൈവേഴ്സിറ്റി ഹോട്ട് സ്പോട്ടിൽ ഉൾപ്പെട്ട പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പദ്ധതികളിൽ വയനാടിനെ ഉൾപ്പെടുത്തണം. വിനോദ സഞ്ചാരവും ആയുർവ്വേദവും സംയോജിപ്പിച്ച് നടപ്പാക്കുന്ന പദ്ധതികളിൽ വയനാടിന് പങ്കാളിത്തമുണ്ടാകണം. മൺസൂൺ ടൂറിസം, ഫാം ടൂറിസം, പിൽഗ്രിം ടൂറിസം ഇവ പരിപോഷിപ്പിക്കുന്നതിനും കരകൗശല വസ്തുക്കളുടെ വിപണനം പ്രോൽസാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. വിനോദസഞ്ചാര വികസനത്തിനനുയോജ്യമായ കായിക മേളകൾ സംഘടിപ്പിക്കാൻ അടിസ്ഥാന സൗകര്യമുണ്ടാക്കണം. വയനാട്ടിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ടൂറിസം കേന്ദ്രങ്ങളുടെ വികസനം സാധ്യമാക്കുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിലുള്ള ക്രമീകരണം ഡി.ടി.പി.സി.യുടെ ഭാഗത്തുനിന്നുമുണ്ടാകണം. ജില്ലയിലെ ടൂറിസം പ്രവർത്തനങ്ങൾ കൃത്യമായി അറിയുന്നതിന് വെബ്സൈറ്റ് തയ്യാറാക്കണം. വയനാട്ടിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ യോജിപ്പിച്ച് ടൂറിസം ഡെസ്റ്റിനേഷനാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ.പി. അനിൽ കുമാർ</u>): മലബാർ ഭാഗങ്ങളിൽ എത്തുന്ന സഞ്ചാരികളുടെ എണ്ണം വളരെ കുറവായതു കാരണം കാസർകോട് ബേക്കൽ ഉൾപ്പടെയുള്ള പ്രദേശവും വയനാട് ജില്ല മൊത്തമായും ടൂറിസം ഡെസ്റ്റിനേഷനായി പ്രൊമോട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വയനാടിന്റെ സാംസ്കാരികമായ അവശേഷിപ്പുകളും ചരിത്രപരമായ സാധ്യതകളും പ്രകൃതിഭംഗിയും കാലാവസ്ഥയും ഒരുമിച്ചുചേർത്തുകൊണ്ട് വയനാട്ടിലേക്ക് ടൂറിസം കേന്ദ്രീകരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഈ സർക്കാർ വയനാട്ടിലെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാരാപ്പുഴ വികസനത്തിനുവേണ്ടി 5 കോടി രൂപ അനുവദിച്ചു. ടൂറിസം വികസനത്തിനായി ജനപ്രതിനിധികളും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി ചർച്ചചെയ്തുകൊണ്ട് ഫൈനൽ മാസ്റ്റർ പ്ലാനുണ്ടാക്കും. ഈ മേഖലയിൽ ഒരു ഉപദേശക സമിതി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (2) ഇന്ദിര ആവാസ് യോജന

ശ്രീ. ഇ.പി.ജയരാജൻ: സംസ്ഥാനത്തെ ദുർബ്ബല ജനവിഭാഗങ്ങൾക്കായി നടപ്പിലാക്കിവരുന്ന 'ഇന്ദിര ആവാസ് യോജന' ഇപ്പോൾ കടുത്ത അനിശ്ചിതത്വത്തിലാണ്. ഈ പദ്ധതി പ്രകാരം കേന്ദ്രഗവൺമെന്റ് നൽകുന്ന തുക തുച്ഛമായതിനാൽ വീട് നിർമ്മാണ വായ്പാ തുക വർദ്ധിപ്പിച്ചതിലുള്ള അധിക ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലോൺ എടുക്കുന്നതിന് ഹഡ്കോയെ സമീപിച്ചെങ്കിലും അവർ നൽകാൻ തയ്യാറാകാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം കണ്ടെത്തണമെന്ന് പറയുന്നത് ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഉണ്ടാക്കിയിരിക്കുന്നത്. അടിയന്തിരമായി ഇക്കാര്യ

ത്തിൽ ഇടപെട്ട് പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): "ഇന്ദിരാ ആവാസ് യോജന" -യിൽ അനുവദിച്ചിരുന്ന തുക ഈ സർക്കാരാണ് വർദ്ധിപ്പിച്ചത്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ചെലവഴിക്കാത്ത തുക ഇതിനായി ചെലവഴിക്കാമെന്ന് അന്ന് നിർദ്ദേശിച്ചിരുന്നു. ഈ തുക കണ്ടെത്താൻ പഞ്ചായത്തുകൾക്ക് കഴിയാത്തതിനാലാണ് ഒരു വീടിന് 75000 രൂപ സംസ്ഥാന സർക്കാർ കൊടുക്കാമെന്ന് 2012-13-ൽ തീരുമാനിച്ചത്. ഇതിനു വേണ്ടി ബ്ഡറ്റ് വിഹിതത്തിനു പുറമെ 100 കോടി രൂപ മാറ്റിവച്ചെങ്കിലും തുക തികയാതെ വന്നതിനാലാണ് ഹഡ്കോയെ സമീപിച്ചത്. ഹഡ്കോ തടസ്സം പറഞ്ഞതിനാൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവരുടെ മേഖലയിലുള്ള സർവ്വീസ് ബാങ്കുകളിൽനിന്നും വായ്പയെടുക്കാനുള്ള അനുവാദം കൊടുക്കുകയും ഗവൺമെന്റ് വിഹിതമായ 75000 രൂപയും പലിശയും സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതുമാണ്. ഇക്കാര്യത്തിൽ ആവശ്യമായ തുക ലഭ്യമാക്കി ഈ പദ്ധതി യാതൊരു പ്രയാസവും കൂടാതെ നടപ്പിലാക്കുന്നതാണ്. ഇതിന്റെ അടുത്ത ഗഡു മേയ് മാസത്തോടുകൂടി വിതരണം ചെയ്യുന്നതാണ്.

**അറിയിപ്പ്**

**സബ്മിഷനുകൾക്കുള്ള മറുപടി**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ന് ലിസ്റ്റ് ചെയ്തിട്ടുള്ള റൂൾ 304 പ്രകാരമുള്ള സബ്മിഷനുകൾ സഭയിൽ അവതരിപ്പിച്ച് മന്ത്രിമാർ മറുപടി പറയുന്നതിന് പകരം ബന്ധപ്പെട്ട അംഗങ്ങൾക്ക് മറുപടി അയച്ചുകൊടുക്കാമെന്ന നിർദ്ദേശം സമർപ്പിക്കുന്നു.

മി. സ്പീക്കർ: സമയ പരിമിതിമൂലം സബ്മിഷനുകൾ സഭയിൽ അവതരിപ്പിക്കാൻ കഴിയാത്തതിനാൽ മറുപടി അംഗങ്ങൾക്ക് നേരിട്ട് എത്തിക്കാമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമനുഅനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമതും നാലാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

**(1) 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിവിൽ കോടതിയുടെ അധികാര പരിധി പത്ത് ലക്ഷം രൂപയായും ജില്ലാ കോടതികളുടേയും സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയുടേയും പരിധി 25 ലക്ഷം രൂപയായും വർദ്ധിപ്പിക്കണം. ആവശ്യത്തിന് കോടതികളും ന്യായാധിപന്മാരും ജീവനക്കാരുമില്ലാതെ ലക്ഷക്കണക്കിന് കേസ്സുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന സാഹചര്യമാണുള്ളത്. ജുഡീഷ്യൽ സംവിധാനം കാര്യക്ഷമമല്ല. കോടതികളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ജയിലുകളേയും കോടതികളേയും ബന്ധപ്പെടുത്തി കൊണ്ടുവന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ കോടതികൾ ആരംഭിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിക്കുന്നില്ല.. ജഡ്ജിമാരുടെയും ജീവനക്കാരുടെയും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ തയ്യാറാകുന്നില്ല. എ.പി.പി.മാരുടെയും ജില്ലാ കോടതികളിലെ പി.പി.മാരുടെയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം. ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നതിന് ജുഡീഷ്യൽ കമ്മീഷനെ നിയമിക്കുകയും നിയമനത്തിലുള്ള വിവേചനം അവസാനിപ്പിക്കുകയും

വേണം. പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് കോടതികളെ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സാധാരണ ജനങ്ങൾക്കെല്ലാം യഥാസമയം നീതി ലഭ്യമാക്കുന്ന ഒരു സംവിധാനമായി ജുഡീഷ്യറി മാറണം. അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് കേസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനും തിരുവനന്തപുരത്ത് ഒരു ഹൈക്കോടതി ബഞ്ച് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. രാജ്യത്തെ ജുഡീഷ്യറി സംവിധാനം പരിപൂർണ്ണമായി ഉടച്ചുവാർക്കണം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സിവിൽ കോടതികളിൽ കേസ്സുകൾ പരിഹാരമാകാതെ നീണ്ടുപോകുന്നതുകൊണ്ട് ജനങ്ങൾ കോടതികളെ സമീപിക്കുന്ന സ്ഥിതിവിശേഷം കുറഞ്ഞുവരുന്നതിനെ ഗൗരവമായി കാണണം. പ്രവർത്തനപരിചയമില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് മുൻസീഫ്, മജിസ്ട്രേറ്റുമാരായി നേരിട്ട് നിയമനം നൽകുന്നതിലൂടെ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിശോധിക്കപ്പെടണം. ജഡ്ജിമാരുടെ നിയമനം സുതാര്യമാക്കണം. ജുഡീഷ്യൽ ഓഫീസേഴ്സിന്റെ നിയമനത്തിലും അഴിമതി തടയുന്നതിനും ശിക്ഷിക്കുന്നതിനും ജുഡീഷ്യൽ കമ്മീഷന് അധികാരമുണ്ടാകണം. ജനാധിപത്യ വ്യവസ്ഥയിൽ എക്സിക്യൂട്ടീവ്, ജുഡീഷ്യറി, ലെജിസ്ലേച്ചർ എന്നിവയ്ക്ക് സ്വതന്ത്ര സ്വഭാവവും വ്യക്തമായ അധികാരങ്ങളുണ്ടായിരിക്കെ അത് തർക്കവിഷയമാക്കുന്നത് ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭൂഷണമല്ല.

ശ്രീ. വി. ഡി. സതീശൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012–ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മുൻസിഫ് കോടതിയുടെ Pecuniary jurisdiction പത്ത് ലക്ഷം രൂപയാക്കി ഉയർത്തണം. പ്രയോറിറ്റി അനുസരിച്ച് പുതിയ കോടതികൾ അനുവദിക്കുകയും കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും വേണം.

ശ്രീമതി പി. അയിഷാ പോറ്റി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. Pecuniary jurisdiction പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും കോർട്ട് ഫീസ് ഇനത്തിൽ ചുമത്തുന്ന തുക ഇളവ് ചെയ്യുകയും ചെയ്യണം. യോഗ്യതയും എക്സ്പീരിയൻസുമുള്ള ജഡ്ജിമാരെ നിയമിക്കുകയും നിയമനങ്ങൾ ഒരു ജുഡീഷ്യൽ കമ്മീഷൻ മുഖാന്തിരം നടത്തുകയും വേണം. കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): Pecuniary jurisdiction ഏഴര ലക്ഷം രൂപ എന്നത് പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. കോടതികൾ കമ്പ്യൂട്ടറൈസ് ചെയ്യുകയും ചില സ്ഥലങ്ങളിൽ വീഡിയോ കോൺഫറൻസ് സംവിധാനം പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. 30 ഗ്രാമീണ കോടതികൾ നോട്ടിഫൈ ചെയ്യുകയും റൂൾസ് ഫ്രെയിം ചെയ്യുകയും ചെയ്തു. കോടതിക്ക് ആവശ്യമായ കെട്ടിടം കണ്ടുപിടിക്കുവാൻ പഞ്ചായത്തും ബന്ധ

പ്പെട്ട ഡിപ്പാർട്ടുമെന്റും നടപടികൾ സ്വീകരിച്ചു വരുന്നു. മുനിസിഫ്മാരുടെ അറുപതോളം ഒഴിവുകൾ നികത്തുകയും 87 ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരിക്കുകയുമാണ്. താൽക്കാലികമായി പ്രവർത്തിച്ചിരുന്ന 38 ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനായി എറണാകുളം ജില്ലയിലുള്ളതു പോലെ തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ പ്രത്യേകം കോടതി സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. പുതിയതായി 27 ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികൾ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഹൈക്കോടതി ഫുൾ ബഞ്ചിന്റെ തീരുമാനം ലഭിക്കാത്തതുകൊണ്ടാണ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്. ജഡ്ജി മാരുടെ സേവന വേതന വ്യവസ്ഥകളും യോഗ്യതകളും സംബന്ധിച്ചുള്ള ശുപാർശകളുടെ അടിസ്ഥാനത്തിലും സുപ്രീംകോടതി എടുത്ത തീരുമാന ത്തിന്റെ അടിസ്ഥാനത്തിലുമാണ് മുൻസിഫിന്റെ യോഗ്യത അംഗീകരിച്ചിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുക്കയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

108, 109, 111, 112, 113, 114 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെ പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

114. In section 11(2) of the principal Act proposed to be amended by clause 2, for the words "seven lakh and fifty thousand" substitute the words " ten lakh".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

116, 117, 118, 119, 120, 121, 122, 123, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

2012-ലെ കേരള സിവിൽ കോടതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

### (2) 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി

റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: 10-06-2010-ന് വിളംബരപ്പെടുത്തിയ 2010-ലെ 22-ാം നമ്പർ ഓർഡിനൻസിലേയും 28-04-2011-ന് വിളംബരപ്പെടുത്തിയ 2011-ലെ 41-ാം നമ്പർ ഓർഡിനൻസിലേയും വ്യവസ്ഥകൾ പല കാരണങ്ങളാൽ നിയമമാക്കാൻ കഴിഞ്ഞില്ല. 2011-ലെ 44-ാം നമ്പർ ഓർഡിനൻസിലെ 4, 9 വകുപ്പുകളിൽ ഇല്ലായിരുന്ന വ്യവസ്ഥകൾ ഒഴിവാക്കി രണ്ട് ഓർഡിനൻസുകളേയും കൂട്ടിച്ചേർത്തുകൊണ്ടുള്ള ബില്ലാണ് ഇപ്പോൾ പരിഗണനയ്ക്ക് വന്നിട്ടുള്ളത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ കൃഷിക്കാരെ അറിയുന്ന ആരും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് രൂപംകൊടുക്കുന്ന കമ്മീഷനുകളിൽ അംഗങ്ങളായി വരുന്നില്ല എന്നത് ഒരു പോരായ്മയാണ്. നബാർഡിന്റെ പ്രവർത്തനം കേരളത്തിലെ സർവ്വീസ് സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ കീഴിൽ സർവ്വീസ് സഹകരണ സംഘങ്ങളെ കൊണ്ടുവരുന്നതിനാണ് ഓരോ കമ്മീഷനുകളും ശ്രമിക്കുന്നത്. ബിൽ ഭരണഘടനാ വിരുദ്ധമാണ്. പ്രകാശ് ബക്ഷി റിപ്പോർട്ടിലെ ശുപാർശകൾ അപ്രായോഗികമാണ്. ഇടക്കാല കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ പാടില്ല. സഹകരണ ബാങ്കുകളുടെ സ്വത്തുക്കളുടെ വിൽപ്പന മാൻഡേറ്ററിയാക്കുന്നത്

അപകടകരമാണ്. സഹകരണ മേഖലയെ പുഷ്ടിപ്പെടുത്താനാവശ്യമായ നട പടികൾ സ്വീകരിക്കണം. കേരളത്തിൽ കാർഷിക മേഖലയുടെ അടിത്തറ യായി നിൽക്കുന്ന സഹകരണ മേഖല തകർന്നാൽ സമ്പദ്‌വ്യവസ്ഥയിൽ ദൂര വ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകും.

ശ്രീ. കെ.കെ. നാരായണൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ ബാങ്കുകൾ ആർ.ബി.ഐ.യുടെ ലൈസൻസിന് അപേക്ഷിക്കണ മെന്ന് നിഷ്ക്കർഷിച്ചിരിക്കുന്നതുമൂലം സഹകരണ പ്രസ്ഥാനത്തിന് ജനകീയ ബാങ്ക് എന്ന പദവി നഷ്ടപ്പെട്ട് കേവലം റിസർവ്വ് ബാങ്കിന്റെ ഒരു അനുബന്ധ ഘടകമായി മാറുന്ന അവസ്ഥ ഉണ്ടായിരിക്കുകയാണ്. ബില്ലിലെ 33-ാം വകുപ്പിൽ "അവരിൽ ഒരാളെ കൺവീനറായും" എന്നതിനുശേഷം "അവർ സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നില്ല" എന്ന ഭാഗം ഒഴിവാക്കണം. 56(എ)-യിൽ "ബാങ്കിംഗ് ഇതര ആസ്തികൾ കയ്യൊഴിക്കൽ" എന്നതിൽ "സംഘം ആർജ്ജിച്ച സ്ഥാവര സ്വത്തുക്കൾ ഏഴ് വർഷം കൊണ്ട് കയ്യൊഴിയണം" എന്ന ഭാഗത്ത് "സ്വർണ്ണവും ഭൂ സ്വത്തുക്കളും ഒഴികെ" എന്ന് ഭേദഗതി വരുത്തണം.

ശ്രീ. ജി. സുധാകരൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ ആർബിട്രേഷൻ കോടതിയിലെ അദ്ധ്യക്ഷന്റെ നിയമനം സ്ഥിരമാക്കാൻ ഓർഡിനൻസിൽ ഉണ്ടായിരുന്ന വ്യവസ്ഥ ഈ ബില്ലിൽനിന്ന് ഒഴിവാക്കിയതിനോട് യോജിക്കാനാവില്ല. ആഡിറ്റ് ഡയറക്ടറുടെ കീഴിൽ നടക്കുന്ന ആഡിറ്റ് മാത്രമേ അംഗീകരിക്കാൻ പാടുള്ളു എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യണം. സഹകരണ ജീവനക്കാരുടെ ക്ഷേമപദ്ധതിക്കുവേണ്ടി

ഇറക്കിയ സർക്കുലറിന് നിയമ പ്രാബല്യം നൽകണം. ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേയ്ക്കും വ്യാപിച്ചുകിടക്കുന്ന ഈ പ്രസ്ഥാനത്തെ തകർക്കുന്ന സമീപനവുമായി സർക്കാർ മുന്നോട്ടുപോകരുത്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് മെഡിക്കൽ കോളേജുകൾ ഏറ്റെടുക്കാനുള്ള സർക്കാർ തീരുമാനം പുന:പരിശോധിക്കണം. സഹകരണ മേഖലയിലെ എയ്ഡഡ് സ്കൂളുകളിലെയും കോളേജുകളിലേയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനും പിന്നോക്കവിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നതിനും നടപടി സ്വീകരിക്കണം. പ്രൊഫഷണൽ കോളേജുകൾ സ്ഥലസൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനസജ്ജമാക്കുന്നതിനും വർഷംതോറും ഖജനാവിൽനിന്നും പണം കൊടുത്തുകൊണ്ട് ഇവയുടെ കമ്മി നികത്തുന്നതിനും ലക്ഷ്യബോധത്തോടുകൂടി സഹകരണമേഖലയെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ സംഘങ്ങളുടെ വിറ്റഴിക്കാതെ കിടക്കുന്ന സ്വത്ത് വിറ്റഴിക്കുന്നതിന് ഒരു വ്യവസ്ഥയുണ്ടാക്കുന്നത് സ്വാഗതാർഹമാണ്. ഇതിന്റെ കാലാവധി "ഏഴ് വർഷത്തിനുശേഷവും കൈവശം വയ്ക്കണമെന്നുണ്ടെങ്കിൽ രജിസ്ട്രാറുടെ പ്രത്യേക അനുമതിയോടുകൂടി കൈവശം വയ്ക്കാം" എന്ന അമെന്റ്മെന്റുകൂടി ഉൾക്കൊള്ളിക്കണം. ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ളവർ മാത്രമേ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും വരാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഉൾക്കൊള്ളിക്കണം. സഹകരണ മേഖലയിലെ ജീവനക്കാരുടെ ക്ഷേമം ഉറപ്പുവരുത്തണം. കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിമാത്രമേ നബാർഡ് പ്രവർത്തിക്കാവൂ എന്ന് നിബന്ധനയുണ്ടാകണം. നബാർഡിന്റെ കേരളത്തിലുള്ള നാല് മേഖലാ ഓഫീസുകൾ നിർത്തലാക്കിയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. സഹകരണ മേഖലയ്ക്ക് ദോഷകര മായ ബക്ഷി കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കരുതെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതോടൊപ്പം സംസ്ഥാന ഗവൺമെന്റിനുള്ള ശക്തമായ പ്രതിഷേധവും അറിയിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ നിയമത്തിൽ കാലോചിത മായ മാറ്റം വരുത്തി അഡ്മിനിസ്ട്രേറ്റർ ഭരണം ഒഴിവാക്കുന്ന വിധത്തിലുള്ള ഭേദഗതിയാണ് വരുത്തേണ്ടത്. യഥാസമയം ഇലക്ഷൻ നടത്തി എല്ലാ സഹകരണ സ്ഥാപനത്തിലും തെരഞ്ഞെടുക്കപ്പെടുന്ന ബോർഡുകൾ രൂപീകരിക്കണം. കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ ബാങ്കിംഗ് നിയമ ഭേദഗതി ഈ മേഖലയിൽ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കും. സഹകരണ മേഖലയെ സംരക്ഷിച്ച് കൂടുതൽ നിക്ഷേപം ആർജ്ജിക്കാനും ആർജ്ജിച്ച നിക്ഷേപം ഉപയോഗിച്ച് ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്താനുമുള്ള നിയമപരമായ സംവിധാനത്തെ സംബന്ധിച്ച് പരിശോധിക്കണം. ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ സഹകരണ മേഖല കൂടുതൽ ഇടപെടണം.

നിലവിലുള്ള സഹകരണ മെഡിക്കൽ കോളേജുകൾ ഈ മേഖലയിൽനിന്ന് മാറ്റുന്നത് ആശാസ്യമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. ആരോഗ്യ മേഖലയിൽ മിതമായ നിരക്ക് ഈടാക്കുന്ന സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും ഈ രംഗത്തുള്ള പ്രശ്നങ്ങൾ കൂട്ടായി ചർച്ച ചെയ്ത് സഹകരണരംഗം ജനാധിപത്യപരമാക്കാനുമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കണം.

സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സഹകരണ സ്ഥാപനങ്ങളിൽ ഭരണസ്തംഭനം ഉണ്ടാകുമ്പോൾ വകുപ്പ് 33 പ്രകാരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്ന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 33–ാം വകുപ്പിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമല്ല. അഡ്മിനിസ്ട്രേറ്റർമാരായി നിയമിക്കപ്പെടുന്നവരിൽ സർക്കാർ ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുമെന്നുള്ളതിനാലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനറും അംഗങ്ങളും സംഘത്തിലെ അംഗങ്ങളാകണമെന്നില്ല എന്ന് ഉൾപ്പെടുത്തിയത്. സഹകരണ സംഘത്തിൽ ഭരണസമിതി രൂപീകരിക്കാൻ കഴിയാതെ വന്നാൽ സംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെ അഡ്മിനിട്രേറ്റർമാരായോ കമ്മിറ്റി അംഗങ്ങളായോ നിയമിക്കാനുള്ള വ്യവസ്ഥ പ്രയോജനകരമാകും. ജപ്തി നടപടികളുടെ ഭാഗമായി ലേലത്തിൽ പിടിച്ച ബാങ്കിംഗ് ഇതര ആസ്തികൾ ഏഴ് വർഷത്തിനുള്ളിൽ കൈയ്യൊഴിയണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വസ്തുവിൽക്കുന്നതിനുമുമ്പ് പൊതുയോഗത്തിന്റെ അനുമതികൂടി വാങ്ങണമെന്ന ഔദ്യോഗിക ഭേദഗതി അംഗീകരിച്ചിട്ടുണ്ട്. ഏഴ് കൊല്ലത്തിനുശേഷം വിൽക്കാൻ

സാധിച്ചില്ലെങ്കിൽ അതിന്റെ കാരണം ബോധിപ്പിച്ച് രജിസ്ട്രാർക്ക് അപേക്ഷ കൊടുത്ത് കാലാവധി നീട്ടുന്നതിനെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്. ആർബിട്രേഷൻ കോടതിയിൽ പ്രിസൈഡിംഗ് ഓഫീസർമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിൽ 65 വയസ്സോ അല്ലെങ്കിൽ റിട്ടയർ ചെയ്യുന്നതുവരെയോ എന്നുള്ള വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്. സഹകരണമേഖലയിലെ ചെറിയ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാം. ഈ മേഖലയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തിലെ ശമ്പളവും ഡി.എ.യും നൽകുന്ന വ്യവസ്ഥകൾ ചില സംഘങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ലാഭത്തിൽ പ്രവർത്തിക്കുന്നതും പെൻഷൻ ഫണ്ടിൽ പണം അടയ്ക്കാത്തതുമായ സഹകരണ സ്ഥാപനങ്ങൾക്കെതിരെ നിയമപരമായി മുന്നോട്ടുപോകും. ബക്ഷി കമ്മിറ്റി റിപ്പോർട്ട്, ബാങ്കിംഗ് റെഗുലേഷൻ ആക്ട് എന്നിവയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിലുണ്ടാകാവുന്ന ബുദ്ധിമുട്ട് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

114, 115, 116, 117, 118, 119, 120, 121 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

115–ാം നമ്പർ ഭേദഗതി 52–നെതിരെ 58 വോട്ടുകളോടെ സഭ നിരാകരിച്ചു.

<u>3–ാം വകുപ്പ്</u>

122, 123, 129, 133, 134, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു

133. In section 56 A proposed to be inserted in the principal Act by clause 3, for the words "from the acquisition thereof"' substitute the words "from the date of acquisition."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 135–ാം നമ്പർ ഭേദഗതി പിൻവലിക്കണമെന്ന പ്രശ്നം 52–നെതിരെ 61 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4–ാംവകുപ്പ്</u>

137, 138, 139, 140, 142, 143, 144, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6–ാംവകുപ്പ്</u>

147, 148, 150 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

7-ാംവകുപ്പ്

153, 154, 155, 157, 158, 161, 163, 165, 166, 167, 168, 170, 171, 172, 173, 174, 175, 176, 177, 178, 179, 180, 182, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

1-ാം വകുപ്പും പീഠികയും പേരും

107, 108, 109, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (3) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഇ. കെ. വിജയൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനങ്ങൾക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യം, വിശ്രമ കേന്ദ്രങ്ങൾ, ശ്മശാനങ്ങൾ, തുറസ്സായ സ്ഥലങ്ങൾ തുടങ്ങി ഒരു നഗരസഭയ്ക്ക് അത്യന്താപേക്ഷിതമായ കാര്യങ്ങൾ ബില്ലിന്റെ ഭാഗമായി കൊണ്ടുവരണം. കെട്ടിടങ്ങൾക്ക് ചുറ്റും ചുരുങ്ങിയത് ഒരു ഫയർ സർവ്വീസ് വാഹനത്തിനെങ്കിലും കടന്നുപോകാൻ കഴിയുന്ന തരത്തിൽ സ്ഥലം വേണമെന്ന ഭേദഗതി കൊണ്ടുവരണം. കെട്ടിടങ്ങൾക്ക് ചുറ്റും മരങ്ങൾ വച്ചുപിടിപ്പിച്ചുകൊണ്ടുള്ള ഗ്രീൻ ബെൽറ്റ് സംവിധാനം നിർബന്ധമാക്കണം. രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അനധികൃത കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള അധികാരം ദുരുപയോഗം ചെയ്യുന്നത് തടയാൻ സംവിധാനം വേണം. റോഡ് നിർമ്മാണത്തിന് അനുമതി കൊടുക്കുമ്പോൾ ഓടകൾ നിർബന്ധമായും വേണമെന്ന് നിഷ്കർഷിക്കണം.

ശ്രീ. കെ.വി. വിജയദാസ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ടൗൺ പ്ലാനിംഗ് വിഭാഗത്തെ അഴിമതിമുക്തമാക്കാൻ നടപടികൾ സ്വീകരിക്കണം. കെട്ടിട നിർമ്മാണ പെർമിറ്റ് കൊടുക്കുന്ന ഉദ്യോഗസ്ഥർക്ക് ശാസ്ത്രീയമായ വീക്ഷണം ഉണ്ടായിരിക്കണം. ഫ്ളാറ്റ് മാഫിയകളുടെ കൈകളിൽനിന്ന് നഗരത്തെ മോചിപ്പിക്കാൻ ശക്തമായ നടപടി സ്വീകരിക്കണം. കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് കൊടുക്കുമ്പോൾത്തന്നെ മാലിന്യനിർമ്മാർജ്ജനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനവയ്ക്കണം. അനധികൃത നിർമ്മാണം തടയണം.

ശ്രീ. പി.റ്റി.എ. റഹിം: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആശാ വർക്കർമാരെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്നും ഒഴിവാക്കണം. എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഇലക്ഷനിൽ മത്സരിക്കുന്നതിന് ഏതെങ്കിലും രൂപത്തിൽ റെസ്ട്രിക്ഷൻ കൊണ്ടുവരണം. റെഗുലറൈസ് ചെയ്യാൻ സാധിക്കാത്ത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്യുന്നതിനുള്ള നിയമ നിർമ്മാണം നടക്കുന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വരുമാനം ലഭിക്കുന്ന സാഹചര്യമുണ്ടാകും.

ശ്രീ. ജോസഫ് വാഴക്കൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഡീ ലിമിറ്റേഷൻ കമ്മീഷന്റെ എല്ലാ ഉത്തരവുകളും ഗസറ്റിൽ പബ്ലിഷ് ചെയ്യുകയും അതിന് നിയമ പ്രാബല്യം കൊടുക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ഭേദഗതിയുടെ പ്രധാന ലക്ഷ്യം. തെരഞ്ഞെടുപ്പിന് ആറ് മാസം മുമ്പ് വാർഡ് വിഭജനം പൂർത്തിയാക്കുകയും വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യണം. തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അയോഗ്യതയിൽ നിന്ന് ആശാ വർക്കേഴ്സിനെ ഒഴിവാക്കണം. അനധികൃത കെട്ടിട നിർമ്മാണം റഗുലറൈസ് ചെയ്യുന്ന തിലൂടെ വൻകിട കെട്ടിട നിർമ്മാതാക്കൾക്ക് സംരക്ഷണം നൽകുന്ന സമീ പനം ശരിയല്ല.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാര മുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി

അവതരിപ്പിക്കുന്നു. തെരഞ്ഞെടുപ്പിന് രണ്ടോമൂന്നോ മാസങ്ങൾക്ക് മുമ്പു തന്നെ വാർഡ് വിഭജനം പൂർത്തിയാക്കണം. തെരഞ്ഞെടുപ്പിൽ സ്വകാര്യ സ്കൂൾ അദ്ധ്യാപകരെയെല്ലാം അംഗീകരിക്കുകയും ആശാവർക്കേഴ്സിന് അയോഗ്യത കൽപ്പിക്കുകയും ചെയ്യുന്ന സമീപനം അപലപനീയമാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്യുന്നതിലൂടെ വൻകിട കെട്ടിട നിർമ്മാതാക്കൾക്ക് നിയമപരിരക്ഷ നൽകുന്നതിനോട് യോജിക്കാനാവില്ല. ബഹുനില കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് ബില്ലിലെ വ്യവസ്ഥകൾ.

**ക്രമപ്രശ്നം**

**ചട്ടം 113 അനുസരിച്ചുള്ള റിപ്പോർട്ട്**

ശ്രീ. എ. കെ. ബാലൻ: നിയമസഭാ സെക്രട്ടറി റൂൾ 113 അനുസരിച്ച് സഭയുടെ മുൻപാകെ സമർപ്പിച്ച റിപ്പോർട്ട് ഒരു പരാതിയുടെ അടിസ്ഥാനത്തിലുള്ളതാണ്. ഒരു പരാതിയുടെ അടിസ്ഥാനത്തിൽ ചട്ട വിരുദ്ധമായും ഒരു മന്ത്രിയെ അവഹേളിക്കുന്ന തരത്തിലുമാണ് ഈ റിപ്പോർട്ട് സഭയിൽ വച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് റൂളിംഗ് ആവശ്യമാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ന് നിയമസഭയിൽ സമർപ്പിച്ച ഹർജി നിയമസഭാ സെക്രട്ടറിക്ക് ചട്ടപ്രകാരം ലഭിച്ചതാണ്. പ്രസ്തുത ഹർജി ഒരംഗത്തിന്റെ മേലൊപ്പോടുകൂടി മാത്രമേ സമർപ്പിക്കാവു എന്ന് ചട്ടത്തിൽ നിബന്ധനയില്ല. ഇന്ന് സഭയിൽ വരുന്ന ഒരു ബില്ലിനെ സംബന്ധിച്ച പെറ്റീഷൻ ആയതിനാലാണ് സെക്രട്ടറി അത് സംബന്ധിച്ച് അറിയിപ്പ് നൽകിയത്.

നിയമസഭാ സെക്രട്ടറിയുടെ നടപടി ചട്ടപ്രകാരമാണെന്ന് ചെയർ അറിയിക്കുന്നു.

**നിയമനിർമ്മാണം (തുടർച്ച)**

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): വർഡ് വിഭജനം, എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ ഒഴിവാക്കൽ, റിസർവേഷൻ തുടങ്ങിയ കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ബിൽഡിംഗ് ലൈസൻസിന്റെ കാലാവധി റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 50 ച.മീറ്റർ വരെയുള്ള കെട്ടിടം അതത് നഗരസഭാ ഓഫീസുകളിലും 100 ച.മീ. വരെയുള്ളവ ജില്ലാ ടൗൺ പ്ലാനർ ഓഫീസുകളിലും 500 ച.മീ. വരെയുള്ളത് ചീഫ് ടൗൺ പ്ലാനർ ഓഫീസിലും 500 ച.മീ.-ന് മുകളിലുള്ളവ സർക്കാരിലും റെഗുലറൈസ് ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിന് അതത് നഗരസഭകളുടെ സെക്രട്ടറി, മുനിസി പ്പൽ എഞ്ചിനീയർ, ജില്ലാ ടൗൺ പ്ലാനർ മുതലായവർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ ഫീസ് ഈടാക്കി റെസിഡൻഷ്യൽ ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്യാനും ഈ അവസരം നിശ്ചിതകാലത്തേയ്ക്ക് മാത്രമായി പരിമിതപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്. പുതിയ ടാക്സ് റൂൾ വന്നതിന്റെ അടിസ്ഥാനത്തിൽ നടത്തിയ സർവ്വേയിൽ കെട്ടിടങ്ങളോട് ചേർന്ന് വൻതോതിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തിയതിന്റെ

അടിസ്ഥാനത്തിൽ അവയ്ക്ക് അൺ ഓതറൈസ്ഡ് നമ്പർ നൽകി ഒരു തവണ കൂടുതൽ ടാക്സ് ഈടാക്കാൻ തീരുമാനിച്ചുവെങ്കിലും അത് പ്രായോഗികമല്ലാത്തതിനാൽ കെട്ടിട ഉടമകളോട് ഒരു സെൽഫ് അസസ്സ്മെന്റ് തയ്യാറാക്കി നൽകി അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗത്തിന്റെ ഡ്രോയിംഗ്സും മറ്റ് വിശദാംശങ്ങളും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അവ റെഗുലറൈസ് ചെയ്ത് കൊടുക്കുന്നതിന് സർക്കാർ അനുവദിക്കുന്നതല്ല.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

112, 113, 114, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി 35-നെതിരെ 65 വോട്ടുകളോടെ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി

## 3-ാം വകുപ്പ്

116, 117, 118, 119, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

116. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)-ന്റെ വിശദീകരണം 2-ൽ "അംഗനവാടി "എന്ന വാക്കിനു പകരം "അങ്കണവാടി " എന്ന വാക്ക് ചേർക്കുക.

117. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 86(1)-ന്റെ വിശദീകരണം 2-ൽ "അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും" എന്നീ വാക്കുകൾക്കുശേഷം "ആശാവർക്കർമാരും " എന്ന വാക്ക് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 4-ാം വകുപ്പ്

121, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

## 5-ാം വകുപ്പ്

125, 126, 127, 128, 130, 135, 136, 137, 138, 139, 141 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

130. ഖണ്ഡം 5(1) (ബി)-യിൽ "അംഗനവാടി "എന്ന വാക്കിനു പകരം "അങ്കണവാടി " എന്ന വാക്ക് ചേർക്കുക.

137. ഖണ്ഡം 5(2)-യിൽ "ബാലവാടി ജീവനക്കാരേയും " എന്നീ വാക്കുകൾക്ക് ശേഷം "ആശ വർക്കർമാരേയും" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

110. ഖണ്ഡം 1(1)-ൽ ബില്ലിന്റെ ചുരുക്കപ്പേരിൽ "രണ്ടാം" എന്ന വാക്ക് ഒഴിവാക്കുക.

107, 108, 109, 110 എ, 111 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## (4) 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പാർട്ണർഷിപ്പ് നിയമത്തിന്റെ 71-ാം വകുപ്പിന്റെ ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്ന 50 പൈസ മുതൽ 75 രൂപ വരെയുള്ള ഫീസുകൾ നൂറു മുതൽ മുന്നൂറ് രൂപ വരെ വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. ബെന്നി ബെഹനാൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇൻഡ്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1973-ൽ പ്രാബല്യത്തിൽ വന്ന ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ഡോക്യുമെന്റിന്റെ ചാർജ് കൂട്ടിക്കൊണ്ടുള്ള ഭേദഗതിയാണ് അവതരിപ്പിച്ചിട്ടുള്ളത്. പാർട്ണർഷിപ്പ് നിയമത്തിലെ അപാകതകൾ പരിഹരിക്കപ്പെടണം. പാർട്ണർഷിപ്പ് ബിസിനസിൽ വൻതോതിൽ നടക്കുന്ന തട്ടിപ്പും വെട്ടിപ്പുംമൂലം  സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്ന

സാഹചര്യമാണ് നിലനിൽക്കുന്നത്. ഇൻഡ്യൻ കോൺട്രാക്ട് ആക്ട് പ്രകാരം പാർട്ണർമാർ തമ്മിൽ കരാറുണ്ടാക്കി ബിസിനസ് നടത്തി ലാഭം പങ്കിടുന്നതിന് നിയമപരമായ വ്യവസ്ഥയുണ്ടാക്കുകയെന്നതാണ് ഈ ആക്ടിന്റെ ഉദ്ദേശം. പാർട്ണർമാർ തമ്മിലുള്ള ബന്ധം, തേർഡ് പാർട്ടി ബന്ധം, ബിസിനസിൽ ചേരുന്നതിനും പുറത്തുപോകുന്നതിനുമുള്ള നിബന്ധനകൾ, പാർട്ണർഷിപ്പ് അവസാനിപ്പിക്കൽ തുടങ്ങിയ വ്യവസ്ഥകൾ ഈ ബില്ലിൽ അടങ്ങിയിട്ടുണ്ട്. പാർട്ട്ണർഷിപ്പ് ബിസിനസ്സിലെ അപാകതകൾ പരിഹരിക്കണം. വർഷംതോറും റിട്ടേൺസ് ഫയൽ ചെയ്ത് സർക്കാരിന്റെ വരുമാനം കൂട്ടാൻ നടപടി സ്വീകരിക്കണം. പാർട്ട്ണർഷിപ്പ് ആക്ടിൽ കാലോചിതമായ മാറ്റം വരുത്തി നിലവിലുള്ള പാർട്ട്ണർഷിപ്പ് സിസ്റ്റം പരിഷ്കരിക്കുന്നതിനും സമഗ്രമായ ഒരു നിയമം മുഖേന പാർട്ട്ണർഷിപ്പിന്റെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ അവസാനിപ്പിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇന്ത്യൻ പങ്കാളിത്ത ( കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1932-ൽ നിശ്ചയിച്ച ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നത് സ്വാഗതാർഹമാണ്. പാർട്ണർഷിപ്പ് ആക്ടിൽ കാലോചിതമായി മാറ്റം വരുത്തിക്കൊണ്ട് ഫീസ് വർദ്ധിപ്പിക്കുന്നതാണ് ശരിയായ സമീപനം. ജനങ്ങളുടെ മേൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്ന സർക്കാരിന്റെ സമീപനം ശരിയല്ല. രജിസ്ട്രേഷൻ വിഭാഗത്തിൽ ഉപയോഗിക്കുന്ന സ്റ്റാമ്പ് ട്രഷറി വഴിയാണോ വിതരണം ചെയ്തത് എന്നുള്ളത് പരിശോധിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പാർട്ട്ണർഷിപ്പ് രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിക്കേണ്ട വിവിധ ഫീസുകളുടെ വർദ്ധനവാണ് ഈ ബില്ലിൽ പരാമർശിച്ചിരിക്കുന്നത്. ഇത് തികച്ചും ന്യായീകരിക്കാവുന്നതാണ് ഇതുമൂലം ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെ ഫലപ്രദമായി കൊണ്ടുപോകാൻ സാധിക്കും. . പാർട്ണർഷിപ്പ് ആക്ടിൽ സമഗ്രമായ മാറ്റം വേണമെന്ന അംഗങ്ങളുടെ ആവശ്യം സ്വാഗതാർഹമാണ്. സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് മുന്നോട്ടുപോകുകയാണ്. ജനങ്ങൾക്ക് എത്രയുംപെട്ടെന്ന് കാര്യക്ഷമമായ സേവനം ലഭ്യമാക്കാനുള്ള അവസരങ്ങൾ ഇതുമൂലം ഉണ്ടാകുന്നതാണ്. ഇ-പെയ്മെന്റ് സംവിധാനം കൂടി ഏർപ്പെടുത്തിക്കഴിയുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകാൻ സാധിക്കും. ഡിജിറ്റൽ ഒപ്പോടുകൂടി പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2–ാം വകുപ്പ്</u>

107, 108, 112, 116, 119, 125, 127 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

(108) "In the entry in column (2) against item 1 of the 1st Schedule to the principal Act proposed to be substituted by clause 2, for the words "Three hundred rupees " substitute the words "Five hundred rupees."

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): 2011–ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2011–ലെ ഇന്ത്യൻ പങ്കാളിത്ത കേരള ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീമതി ഗീതാ ഗോപി എന്നീ എം.എൽ.എ.മാർക്കെതിരെ പോലീസ് അതിക്രമം നടന്നതായി പറയപ്പെടുന്നത് സംബന്ധിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ നൽകിയ നോട്ടീസിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവർക്കെതിരെ ശ്രീ. എം. എ. ബേബി നൽകിയ നോട്ടീസിനും അനുമതി നിഷേധിക്കുന്നു.

### പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എസ്. ശർമ്മ എന്നിവർ നൽകിയ നോട്ടീസുകളും പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരെ ശ്രീ. ബെന്നി ബെഹനാൻ നൽകിയ നോട്ടീസും തിരുവനന്തപുരം ആയൂർവ്വേദ ആശുപത്രി സൂപ്രണ്ടിനെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കെതിരെ സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എ. പ്രദീപ് കുമാർ എന്നിവർ നൽകിയ നോട്ടീസുകളും ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി.എസ്. സുനിൽ കുമാർ നൽകിയ നോട്ടീസും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുൻ വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. കെ.ബി. ഗണേഷ് കുമാർ എന്നിവർക്കെതിരെ ശ്രീ. വി. ശിവൻകുട്ടി നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

**പ്രമേയം**

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതക്കാല ത്തേയ്ക്ക് പിരിയാവുന്നതാണ്.

(പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.)

സഭ രാത്രി 7.14-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

----------